# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*205** 12.02.2020-ൽ മറുപടിയ്ക്ക്

## അന്യസംസ്ഥാന ലോട്ടറികളുടെ കടന്നുകയറ്റം

| ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ<br>,, എം.ഉമ്മർ<br>,, പാറക്കൽ അബ്ദുല്ല<br>,, പി.കെ.ബഷീർ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ജി.എസ്.ടി. കൗൺസിൽ ലോട്ടറിക്ക് 28 ശതമാനം നികുതി നിരക്ക് ബാധകമാക്കിയത് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ ബാധിച്ചിട്ടുണ്ടോ; | (എ) | 2017 ജൂലൈ മാസത്തിലാണ് ഭാഗ്യക്കുറി ടിക്കറ്റുകൾക്ക് GST നിലവിൽ വന്നിട്ടുള്ളത്. സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികൾക്ക് 12% ആയിരുന്നു GST നിരക്ക് (6% CGST + 6% SGST). 18.12.2019-ൽ ചേർന്ന GST കൗൺസിൽ യോഗത്തിൽ സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികളുടെ GST 01.03.2020 മുതൽ 12% -ത്തിൽ നിന്നും 28% ആയി ഉയർത്തുന്നതിന് തീരുമാനമായിട്ടുണ്ട്. ഇപ്രകാരം GST ഇനത്തിൽ 28% (14% CGST+14% SGST) തുക ഭാഗ്യക്കുറി വകുപ്പ് അടക്കേണ്ടതായി വരും. SGST ഇനത്തിൽ അടക്കുന്ന 14% തുക എന്നത് 8% അധിക വരുമാനമായി സർക്കാർ ഖജനാവിൽ മുതൽ കൂട്ടും. സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികളുടെ GST 12% ത്തിൽ നിന്നും 28% ആയി ഉയർത്തുന്നതിന് തീരുമാനമായതിന്റെ അടിസ്ഥാനത്തിൽ എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും വിൽപ്പന വിലയിൽ മാറ്റം വരുത്തേണ്ട സ്ഥിതി സംജാതമായി. നിലവിൽ 30/-രൂപ വിൽപ്പന വിലയുണ്ടായിരുന്ന ആറു പ്രതിവാര ഭാഗ്യക്കുറിക |

| | | | |
|---|---|---|---|
| | | | ളുടെയും 50/- രൂപ വിൽപ്പന വിലയുണ്ടായിരുന്ന കാരുണ്യ ഭാഗ്യക്കുറിയുടെയും വിൽപ്പന വില 40/- രൂപയായി ഏകീകരിക്കു കയും ചെയ്തിട്ടുണ്ട്. മുഖവില 31.25 രൂപയാക്കി നിജപ്പെടുത്തി ഇതിന്റെ 28% കൂടി ചേർത്താണ് വിൽപ്പന വില ഏകീകരിച്ചിട്ടുള്ളത്. ഇതുവഴി സർക്കാരിന് ലഭ്യമാകുമായിരുന്ന അറ്റാദായത്തിൽ 7% ത്തോളം (ഏകദേശം പകുതിയോളം) തുക കുറവ് വരും. ലോട്ടറികളുടെ വർദ്ധിച്ച നികുതി നിരക്ക് 2020, മാർച്ച് ഒന്ന് മുതലാണ് പ്രാബല്യത്തിൽ വരുന്നത്. ലോട്ടറി നികുതിയുടെ ഏകീകരണം ഇടനിലക്കാർ മുഖാന്തിരം നടത്തുന്ന അന്യ സംസ്ഥാന ലോട്ടറികളെ സഹായിക്കുന്നതിന് മാത്രമേ സഹായിക്കുകയുള്ളൂ എന്ന കാര്യം കേരളം കൗൺസിലിൽ ശക്തമായി ചൂണ്ടിക്കാട്ടിയതാണ്. |
| (ബി) | അന്യസംസ്ഥാന ലോട്ടറികളുടെ കടന്നുകയറ്റം എങ്ങനെ നിയന്ത്രിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | ബഹുമാനപ്പെട്ട സുപ്രീം കോടതി ബി.ആർ എന്റർപ്രൈസസ് Vs.State of Uttar Pradesh എന്ന കേസിൽ (07.05.1999) Lotteries (Regulations) Act ലെ സെക്ഷൻ 5 പ്രകാരം കേരളത്തിൽ അന്യ സംസ്ഥാന ലോട്ടറികളുടെ വിപണനം നിരോധിക്കുവാൻ കഴിയുമെങ്കിലും സംസ്ഥാനം നേരിട്ട് ലോട്ടറി വ്യാപാരം നടത്തുന്നില്ലെങ്കിൽ മാത്രമേ ആ നിയമം വിനിയോഗിക്കാൻ പാടുള്ളൂ എന്ന് വിധി പ്രസ്താപിച്ചിട്ടുള്ളതാകുന്നു. ജി.എസ്.റ്റി നിയമം നടപ്പിലാക്കിയ ശേഷം കേരള ലോട്ടറി (റെഗുലേഷൻ) ചട്ടം പ്രകാരം ഒരു സംസ്ഥാനം കേരളത്തിൽ ലോട്ടറി വ്യാപാരം നടത്തുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ നികുതി വകുപ്പ് സെക്രട്ടറിയുടെ മുൻകൂർ അനുവാദം തേടണം എന്ന് ഭേദഗതി വരുത്തി. ഇത് കൂടാതെ കേരള സംസ്ഥാന ജി.എസ്.റ്റി നിയമത്തിൽ പ്രത്യേകമായി 58(19), 58(20)A എന്നീ നിയമങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള സംസ്ഥാന ചരക്ക് സേവന നികുതി ചട്ടം 56 (19) പ്രകാരം |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തിനകത്ത് വില്പന നടത്തുന്ന ലോട്ടറി ടിക്കറ്റുകളുടെ ഏജന്റുമാരോ വിതരണക്കാരോ വിൽക്കാൻ ഉദ്ദേശിക്കുന്ന ലോട്ടറി സംബന്ധിക്കുന്ന താഴെപ്പറയുന്ന രേഖകൾ/ നിബന്ധനകൾ നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്.<br>1) വിൽപ്പന നടത്തുവാൻ ഉദ്ദേശിക്കുന്ന ലോട്ടറിയുടെ പേര്, അവയുടെ നറുക്കെടുപ്പ് സംബന്ധിക്കുന്ന വിവരം എന്നിവ ലോട്ടറി (റെഗുലേഷൻ) നിയമം 2010 ലെ നിയമം 3(3) & (4) പ്രകാരം അറിയിക്കേണ്ടതാണ്.<br>2) ഏത് സംസ്ഥാനത്തിന്റെ ലോട്ടറിയാണോ വിതരണത്തിനായി കേരളത്തിൽ എത്തിക്കുന്നത്, അവർ വിതരണക്കാരുടെയും വില്പനക്കാരുടെയും നിയമനം സംബന്ധിക്കുന്ന കരാറുകൾ കേരളത്തെ അറിയിക്കേണ്ടതാണ്.<br>3) ഏത് സംസ്ഥാനത്തിന്റെ ലോട്ടറിയാണോ വിതരണം നടത്തുന്നത് അവിടെ നിന്നും വിതരണത്തിനായി കേരളത്തിൽ എത്തിക്കുന്ന മുഴുവൻ ടിക്കറ്റുകളുടെയും വിവരം ബോധ്യപ്പെടുത്തേണ്ടതാണ് .<br>4) വില്പനക്കായി നൽകിയ ടിക്കറ്റുകളുടെ വിവരം, നറുക്കെടുപ്പ് കഴിഞ്ഞ് വില്പന നടത്താതെ പോയ ടിക്കറ്റുകളുടെ വിവരം, സമ്മാന തുകയും സമ്മാനം ലഭിച്ച ആളുകളുടെ പേരും വിലാസവും, വില്പന നടത്താത്ത ടിക്കറ്റുകൾ ലോട്ടറി നടത്തുന്ന സംസ്ഥാനത്തിലേക്ക് തിരികെ അയച്ചത് സംബന്ധിക്കുന്ന വിവരങ്ങൾ, ലോട്ടറി വില്പനയിൽ നിന്നും ലഭിച്ച തുക, ലോട്ടറി നടത്തുന്ന സംസ്ഥാനത്തിന് നൽകിയത് സംബന്ധിച്ച വിവരം എന്നിവ ബോധ്യപ്പെടുത്തേണ്ടതാണ്.<br><br>മേല്പറഞ്ഞ നിർദേശങ്ങൾ കൂടാതെ കേരള ചരക്ക് സേവന നികുതി ചട്ടം 56 (20A) പ്രകാരം സംസ്ഥാനത്തിനകത്ത് ലോട്ടറി വില്പന നടത്തുന്ന |

| | | | |
|---|---|---|---|
| | | | ഏജന്റ്/വിതരണക്കാർ തിരുവനന്തപുരം, എറണാകുളം, പാലക്കാട് എന്നീ ജില്ലകളിലെ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ ഡെപ്യൂട്ടി കമ്മീഷണർമാരുടെ അധികാര പരിധിയിൽ അതാത് ലോട്ടറി വിതരണങ്ങൾ സംബന്ധിക്കുന്ന വിവരങ്ങൾ ഉൾപ്പെടുത്തി 'ഇൻഫർമേഷൻ റിട്ടേൺ' സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം സമർപ്പിച്ചിട്ടുള്ള 'ഇൻഫർമേഷൻ റിട്ടേൺ'-ൽ പരാമർശിക്കപ്പെട്ടിട്ടുള്ള ടിക്കറ്റുകൾ പരിശോധന നടത്തുന്നതിലേക്കായി ആവശ്യപ്പെട്ട ബോഴും, അവയിൽ വില്പന നടത്താതെ അവശേഷിക്കുന്ന ടിക്കറ്റുകൾ, അതാത് ഡെപ്യൂട്ടി കമ്മീഷണർ മുമ്പാകെ നേരിട്ട് പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.<br>സംസ്ഥാന ലോട്ടറി ഉൾപ്പെടെ ഇതര സംസ്ഥാന ലോട്ടറികളുടെ നടത്തിപ്പ് റെഗുലേറ്റ് ചെയ്യുവാനായി നികുതി വകുപ്പ് സെക്രട്ടറിയെ അധികാരപ്പെടുത്തിയിട്ടുള്ളതും നികുതി വകുപ്പ് സെക്രട്ടറിയുടെ അനുമതിയ്ക്കും മോണിറ്ററിംഗിനും വിധേയമായി മാത്രമെ കേരളത്തിനുള്ളിൽ ലോട്ടറി നടത്തുവാൻ പാടുള്ളൂവെന്ന് വ്യവസ്ഥ ചെയ്തുകൊണ്ടുള്ള ഭാഗ്യക്കുറി റൂൾ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നികുതി വകുപ്പ് സെക്രട്ടറിയുടെ അനുമതി ഇല്ലാതെ സംസ്ഥാനത്തേയ്ക്ക് കൊണ്ടു വരുന്ന ഭാഗ്യക്കുറി നടത്തിപ്പുകാരുടെ ടിക്കറ്റുകൾ പിടിച്ചെടുക്കുന്ന തിനും അത്തരക്കാരുടെ സ്ഥാപനം അടച്ചുപൂട്ടി നിയമനടപടി കൈക്കൊള്ളുന്നതിനും പ്രസ്തുത കേരള സംസ്ഥാന ഭാഗ്യക്കുറി റൂൾ ഭേദഗതി (2018) വ്യവസ്ഥ ചെയ്യുന്നു.<br>സംസ്ഥാന ലോട്ടറി ടിക്കറ്റുകൾ വില്പന നടത്തുന്നതിന് ഏജൻസി രജിസ്ട്രേഷൻ എടുത്തിട്ടുള്ള ഏജന്റുമാർ നിയമാനുസൃതമല്ലാത്ത ഇതര സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകൾ വില്പന |

| | | | |
|---|---|---|---|
| | | | നടത്തിയാൽ അത്തരക്കാരുടെ ഏജൻസി റദ്ദ് ചെയ്യുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഏജന്റുമാരാൽ നിയമിക്കപ്പെടുന്ന സബ് ഏജന്റുമാർ, റീട്ടെയിലർമാർ, വില്പനക്കാർ എന്നിവരും ഈ നിബന്ധന പാലിക്കണമെന്ന് ഉറപ്പാക്കാൻ രജിസ്റ്റേർഡ് ഏജന്റുമാർക്ക് ഉത്തരവാദിത്തം നൽകിയിട്ടുണ്ട്. അല്ലാത്തപക്ഷം ഏജന്റുമാർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. |

Puja
സെക്ഷൻ ഓഫീസർ